പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5204 05.07.2012 -ലെ മറുപടി

**മഞ്ചേരിയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | രാത്രികാലങ്ങളിൽ മഞ്ചേരിവഴി മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ, പാണ്ടിക്കാട് ഭാഗങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സുകൾ ആവശ്യത്തിനില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ 20:50, 21:40, 22:40 എന്നീ സമയങ്ങളിൽ മഞ്ചേരിയിൽ നിന്നും നിലമ്പൂരിലേക്ക് ടൗൺ-ടു-ടൗൺ സർവ്വീസുകളുണ്ട്. കൂടാതെ മഞ്ചേരിയിൽ നിന്നും മലപ്പുറത്തേക്ക് 22:40 -ന് സർവ്വീസുണ്ട്. അതിനു പുറമെ ഗൂഡല്ലൂരിൽ നിന്നും നിലമ്പൂർ-മഞ്ചേരി വഴി പെരിന്തൽ മണ്ണയിലേയ്ക്കുള്ള സർവ്വീസ് 22:15 -നാണ് മഞ്ചേരിയിൽ നിന്നും പോകുന്നത്. 21:15 -ന് കോഴിക്കോട്ട് നിന്നും മഞ്ചേരി - പാണ്ടിക്കാട് വഴി മണ്ണാർക്കാടിന് പോകുന്ന സർവ്വീസ് 22:30 -ന് മഞ്ചേരി വഴി പോകുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് മറ്റ് ഭാഗങ്ങളിലൂടെ പോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ തിരിച്ചുവിട്ട് യാത്രാക്ലേശം പരിഹരിക്കുന്നകാര്യം പരിഗണിക്കുമോ? | (ബി) | മറ്റ് ഭാഗങ്ങളിൽക്കൂടി പോകുന്ന ബസ്സുകൾ തിരിച്ചു വിടുമ്പോൾ സമയക്രമത്തിൽ ഉണ്ടാകുന്ന മാറ്റം ആ ഭാഗങ്ങളിൽ യാത്രാക്ലേശം അനുഭവപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ ആയത് പ്രായോഗികമല്ല. |
| (സി) | പകൽ സമയങ്ങളിൽ മഞ്ചേരിയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ആലോചിക്കുമോ? | (സി) | വിവിധ ഡിപ്പോകളിൽ നിന്നും 35 ദീർഘദൂര സർവ്വീസുകൾ പകൽ സമയങ്ങളിൽ മഞ്ചേരി വഴി കടന്നുപോകുന്നുണ്ട്. പ്രസ്തുത സർവ്വീസുകൾ മഞ്ചേരിയിലെ ദീർഘദൂര യാത്രക്കാർക്ക് കൂടി പ്രയോജന പ്രദമാകുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഈ സർവ്വീസുകൾ ഇപ്പോൾ പര്യാപ്തമാണെന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ